**No.TA1/3078/2016/CEE**


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## 2016 ലെ എഞ്ചിനീയറിംഗ് പ്രവേശനം

## സർക്കാർ/എയ്ഡഡ്/ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ നിന്നും വിടുതൽ വാങ്ങിയ വിദ്യാർത്ഥികളെ ലികിിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കി

2016-17 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുക്കുകയും, എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിച്ച തീയതിയായ 2016 ആഗസ്റ്റ് 15 ന് ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ്/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചതിനാലോ, സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചതിനാലോ വിടുതൽ നേടേണ്ടി വന്ന വിദ്യാർത്ഥികളെ ലികിിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കികൊണ്ടും അവർ അടച്ച ട്യൂഷൻ ഫീസ് മടക്കി നല്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അനുവാദം നൽകികൊണ്ടും 04.01.2017 ലെ സ.ഉ.(സാധാ) നം. 7/2017/ഉ.വി.വ, 12.01.2017 ലെ സ.ഉ.(സാധാ) നം. 54/2017/ഉ.വി.വ എന്നിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കോളേജുകളിൽ ലികിിഡേറ്റഡ് ഡാമേജസ് നൽകേണ്ടിവന്ന വിദ്യാർത്ഥികൾ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി ബന്ധപ്പെട്ട കോളേജ് അധികാരികളെ സമീപിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

തിരുവനന്തപുരം

20.02.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**